**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **07-10-2021 - ൽ മറുപടിയ്ക്ക്**

**ലോകനാർക്കാവ് ടെമ്പിൾ പിൽഗ്രിം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ടെമ്പിളിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ടെമ്പിൾ, കോഴിക്കോട് എന്ന പദ്ധതിയ്ക്ക് 19.10.2020 ൽ 3.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഡി.റ്റി.പി.സി, കോഴിക്കോട് മുഖേന SILK LTD. നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ SILK LTD, ഈ പദ്ധതിയിൽ നിന്ന് പിൻമാറുന്നു എന്ന് അറിയിക്കുകയുണ്ടായി. ആയത് പരിശോധിച്ച് പുതിയ പി.എം.സി. യെ തെരഞ്ഞെടുത്ത് പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റിന്റെ ഭാഗമായി ലോകനാർക്കാവ് ക്ഷേത്രം എന്ന ഘടകത്തിനായി 09.08.2020 ൽ 6,69,28,524/- രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചു. മ്യൂസിയം ഒഴികെയുള്ള ഘടങ്ങൾക്ക് 3,91,50,000/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ചു. നിലവിൽ വർക്ക് അവാർഡ് ചെയ്യുകയും 17.06.2021 ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തു. കൺസൾട്ടന്റ് ആർക്കിടെക്റ്റിൽ നിന്നും ജി.എഫ്.സി ഡ്രോയിംഗ്സ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നിർവഹണത്തിന് എന്തെങ്കിലും തടസങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ നിർവ്വഹണ ഏജൻസി പിൻമാറിയത് താൽക്കാലികമായി തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. |
| (സി) | പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയ്ക്കായി പുതിയ പി.എം.സി.യെ തെരഞ്ഞെടുത്ത് അടിയന്തരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ